

little
KITEs
AVSGHSS KARIVELLUR
ESTD : 1958
ONE TOUCH FOR THE FUTURE
DIGITAL MAGAZINE


AVSGHSS KARIVELLUR

# എഡിറ്റോറിയൽ ബോർഡ്

**ചെയർമാൻ**
**പി മിനി ടീച്ചർ**

**കൺവീനർ**
**ലതീഷ് പി**

**ചീഫ് എഡിറ്റർ**
**സബിത പി**

**സ്റ്റുഡന്റ് എഡിറ്റർ & ഡിസൈനർ**
**ശ്രീനന്ദൻ എം വി**

**ഉപദേശക സമിതി**
**ബാബു പി കെ**
**സുരേഷ് അന്നൂർ**
**നൂർജഹാൻ വി പി**
**വസന്ത പി വി**

**മാഗസിൻ കമ്മിറ്റി അംഗങ്ങൾ**
**ശിവദേവ് പി പി**
**ദീക്ഷിത് ടി**
**മുഹമ്മദ് മുസമ്മിൽ എം ടി പി**
**ഗൗതം**
**നിരഞ്ജൻ**

**കവർ ഡിസൈനിങ്**
**ശ്രീഹരി എസ് മോഹൻ**

# ആശംസ

വിദ്യാലയങ്ങളിൽ 'ഹൈടെക് സ്കൂൾ പദ്ധതി ആവിഷ്ക്കരിക്കുക' എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പ്രവർത്തനങ്ങളുടെ ഭാഗമായാണ് നമ്മുടെ വിദ്യാലയത്തിലെ കുട്ടികളും ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നത്. ഹൈടെക് ഉപകരണങ്ങൾ കൃത്യമായ ലക്ഷ്യത്തോടെ പ്രയോജനപ്പെടുത്തുക എന്ന ആശയമാണ് ഇത്തരം പ്രവർത്തനങ്ങളുടെ പ്രധാനലക്ഷ്യം. അധ്യാപകരോടൊപ്പം. കുട്ടികളും ചേർന്ന് സാകേതിക വിദ്യയെ വിപുലപ്പെടുത്തി കൂടുതൽ വിശാലമായ അറിവിന്റെ ലോകത്തേക്ക് എത്തിച്ചേരാൻ തക്ക വിധത്തിലുള്ള പുതിയ കണ്ടുപിടുത്തങ്ങൾ നടത്തുകയും ചെയ്യുകയാണ് ഇതിലൂടെ വേണ്ടത്. ഇനിയുള്ള കാലം നിങ്ങളുടേതാണ്. പുതിയ സൃഷ്ടികൾക്ക് ലോകം കാത്തിരിക്കയാണ്. അതിന് ഇത്തരം മാഗസിൻ പ്രവർത്തനങ്ങൾ വഴികാട്ടിയാകട്ടെ എന്ന് ആശംസിക്കുന്നു.

മിനി പി

ഹെഡ്മിസ്ട്രസ്

# ആശംസ

കുട്ടികളുടെ ഭാവനയും സർഗാത്മകതയും പരിപോഷിപ്പിക്കാൻ നവ സാങ്കേതികവിദ്യ ഉപയുക്തമാക്കുന്ന ഡിജിറ്റൽ മാഗസിന് ആശംസകൾ

പി സി ജയസൂര്യൻ
സീനിയർ അധ്യാപകൻ

# ആശംസ

ഐ ടി സാങ്കേതിക വിദ്യയും സർഗാത്മകതയും സമന്വയിപ്പിച്ച് നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിൻ മികച്ച ഒരു ഉൽപന്നമാകട്ടെ എന്ന് ആശംസിക്കുന്നു.

പി കെ ബാബു
സീനിയർ അധ്യാപകൻ

# എഡിറ്റോറിയൽ

## നാളേയ്ക്കായി  ഒരു വിരൽ സ്പർശം

നാളെ എന്നത് വലിയ പ്രതീക്ഷകളുടെ ലോകമാണ്.നമ്മുടെ ഓരോ കുതിപ്പും ആ വലിയ പ്രതീക്ഷകളുടെ ചിറകിലേറിയാണ് . ലോകം ഇന്ന് കാലത്തെയും ദൂരത്തെയും വിരൽത്തുമ്പിൽ ഒതുക്കിയിരിക്കുന്നു. അറിയുന്തോറും വലുതായി കൊണ്ടിരിക്കുന്ന ലോകം..! ഓർത്താൽ വിസ്മയമാണ്, ഇൻഫർമേഷൻ ടെക്നോളജിയുടെ സംഭാവന.

നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ടെക്നോളജിയുടെ ലോകത്തെ പുതുസാധ്യതകൾ പഠിച്ചെടുക്കുന്നതിൽ മികവോടെ മുന്നേറുകയാണ്.  വിദ്യാലയത്തിലെ പൊതു പരിപാടികളുടെ ബ്രോഡ്കാസ്റ്റിംഗ്, ഡോക്യുമെന്റേഷൻ, , രക്ഷിതാക്കൾക്കും മറ്റ വിദ്യാർത്ഥികൾക്കും ഐടി സംബന്ധമായി നൽകു ന്ന ബോധവൽക്കരണ പരിശീലന സംരംഭങ്ങൾ , ഇവയെല്ലാം കൃത്യതയോടെ നിർവഹിക്കുന്നതിൽ ലിറ്റിൽ കൈറ്റ്സ് എന്നും മുൻപന്തിയിലാണ്.

ഇൻഫർമേഷൻ ടെക്നോളജിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി സർഗാത്മക ആവിഷ്കാരങ്ങൾ നിർവഹിക്കാനും ക്ലബ്ബ് ശ്രദ്ധിക്കാറുണ്ട്. ആ വഴിക്കുള്ള ഒരു ഡിജിറ്റൽ പ്രസിദ്ധീകരണമാണ് 'One Touch for the Future ' വിദ്യാർഥികളുടെയും അധ്യാപകരുടെയും രചനകൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ഈ മാഗസിൻ പുറത്തിറക്കാൻ കൂടെ നിന്ന് പിന്തുണച്ച ഹെഡ്മിസ്ട്രസ്,  സഹപ്രവർത്തകർ ക്ലബ്ബ് അംഗങ്ങൾ.. എല്ലാവരോടുമുള്ള നന്ദി പ്രകടിപ്പിച്ചുകൊണ്ട് ഈ മാഗസിൻ വായനക്കായി സസന്തോഷം സമർപ്പിക്കുന്നു.

സബിത. പി

എഡിറ്റർ



# ഉള്ളടക്കം


| | |
|---|---|
| എന്തിനീക്രൂരത | 9 |
| വർഷ കാലത്തിൽ പുതുമണം | 11 |
| പ്രകൃതി സംരക്ഷണം | 12 |
| എരിയുന്ന ഭൂമി | 13 |
| കാലാവസ്ഥ | 14 |
| റിയാന്റെ കിണർ | 15 |
| വരകൾ വർണങ്ങൾ | 16 |
| Whispers of dreamers night | 24 |
| ചെറിയ എന്നാൽ വലിയ ഭീകരൻ | 25 |
| Life | 26 |
| ഇനിയും പൂക്കുവാൻ കാലം ഉണ്ടോ | 27 |
| माँ | 28 |
| സിംഹാസനം ആരുടേത് | 29 |
| സാക്ഷി | 31 |
| തുരത്തപ്പെടുന്നവർ | 33 |
| മഴ പറഞ്ഞത് | 35 |
| നെയ്യായസം | 36 |
| സുകൃത ജന്മം | 37 |
| Life goes on | 38 |

# എന്തിനീ ക്രൂരത ?

സമയം രാവിലെ ഏഴുമണിയായി. കുങ്കുമപ്പൊട്ട് തൊട്ട ആകാശം. ആ സുവർണ്ണപ്രഭ തങ്ങളിലേക്ക് ആവാഹിക്കുന്ന പുഴകൾ.ആനന്ദരാഗങ്ങൾ മൂളുന്ന കോകിലങ്ങൾ. എവിടേക്കെന്നില്ലാതെ പാറിയലയുന്ന ചിത്രശലഭങ്ങൾ. എവിടെ നിന്നോ വഴിതെറ്റിയലഞ്ഞുവന്ന കുളിർക്കാറ്റ് ആതിരയുടെ മിഴികളിൽ തലോടി. അവൾ ഞെട്ടിയുണർന്നു"അയ്യോ, ഏഴുമണിയായോ! എട്ടുമണിക്ക് സ്കൂളിലെത്തണം". അവൾ തിടുക്കപ്പെട്ടു.വേഗം പോയി പല്ലുതേച്ച് യൂനീഫോമിട്ട് എങ്ങനെയൊക്കെയോ മുടികെട്ടി ബാഗിൽ എല്ലാം എടുത്തിട്ടുണ്ടെന്ന് ഉറപ്പുവൃത്തി അവൾ സ്കൂളിലേക്ക് നടന്നു. കുളിക്കാനൊ ചായകുടിക്കാനൊ സാവകാശമുണ്ടായിരുന്നില്ല അവൾക്ക്. ആതിരയുടെ സ്കൂളിൽ ഇന്നൊരു പരീക്ഷയുണ്ട്.സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലേയും ഏറ്റവും പഠിക്കുന്ന ഒരു കുട്ടി വീതം അവളുടെ സ്കൂളിൽ വന്ന് പരീക്ഷയെഴുതും. അവളുടെ ജില്ലയിൽ അവളായിരുന്നു പരീക്ഷയെഴുതാൻ അർഹതനേടിയത്.



പരീക്ഷ കഴിഞ്ഞു. അടുത്തയാഴ്ച്ച റിസൾട്ട് വരും.അവൾ നേരം വേഗം നീങ്ങാൻ പ്രാർത്ഥിച്ചു.ആറ് ദിവസം കടന്നുപോയി.നാളെയാണ് റിസൾട്ട് വരിക.അവൾ തികച്ചും അക്ഷമയായിരുന്നു. വിജയിക്ക് അഞ്ചുലക്ഷം രൂപയാണ് സമ്മാനം. അവൾക്ക് ഉറക്കം വന്നില്ല.അങ്ങനെയോരോന്ന് ചിന്തിച്ച് അവൾ ഉറക്കത്തിലേക്ക് ചാഞ്ഞു.

പിറ്റേന്ന് രാവിലെ അവൾ സ്കൂളിലേക്ക് ഓടി; പ്രതീക്ഷയോടെ. മുഖ്യമന്ത്രി വിജയിയെ പ്രഖ്യാപിച്ചു. അതെ, ആതിരയുതന്നെയായിരുന്നു ഒന്നാം സ്ഥാനം. ക്യാഷ് പ്രൈസും മൊമെന്റോയും സർട്ടിഫിക്കറ്റും അവൾക്ക് മുഖ്യമന്ത്രിയാണ് നൽകിയത്. അവൾക്ക് ഒന്നാം സ്ഥാനം കിട്ടിയതിലായിരുന്നില്ല അവൾ സന്തോഷം. ഈ വാർത്തയറിയുമ്പോൾ അമ്മയ്ക്കുണ്ടാകുന്ന സന്തോഷത്തെയാണ് അവൾ സന്തോഷിച്ചത്.

അവളുടെ അച്ഛൻ അവൾ കൈക്കുഞ്ഞായിരിക്കുമ്പോൾ തന്നെ മരിച്ചു പോയതാണ്.ഇത്രയും ചെറിയ അവളെ കൊണ്ട് മറ്റൊരു വീട്ടിൽ വേലക്കാരിയായി നിന്നാണ് അമ്മ അവളെ വളർത്തി വലുതാക്കിയത്. ദാരിദ്ര്യത്തിന്റെ ശ്യാമസാഗരവീഥികളിൽ മുങ്ങിത്താഴപ്പെട്ട സ്വന്തം ജീവിതത്തെപ്പറ്റി ആ അമ്മയ്ക്ക് ഒരു പ്രതീക്ഷയുമുണ്ടായില്ല. തന്റെ മകളെ നന്നായി പഠിപ്പിക്കണം,ഒരു കുറവും അറിയിക്കാതെ അവളെ വളർത്തണം-ഇതെല്ലാം മാത്രമായിരുന്നു ആ അമ്മയുടെ ജീവിത ലക്ഷ്യം. തനിക്ക് വേണ്ടി രാവെന്നോ പകലെന്നോയില്ലാതെ കഷ്ടപ്പെടുന്ന ആ അമ്മയ്ക്ക് തിരികെകൊടുക്കാൻ അവൾക്ക് പഠനത്തിലെ മികവും സ്നേഹവും മാത്രമായിരുന്നു ഉണ്ടായിരുന്നത്. അഞ്ചുലക്ഷം രൂപ! അവളോ അമ്മയോ അത്രയും പണം ഒന്നിച്ച് കണ്ടിട്ടുകൂടിയില്ല.

സന്തോഷത്തോടെ അവർ വീട്ടിലേക്ക് നടന്നു; പതിയെ സൂര്യകാന്തി പ്രതിഫലിക്കുന്ന ചുവന്നചെമ്പരത്തികൾ അവളെ നോക്കി പുഞ്ചിരിച്ചു. ചിത്രശലഭങ്ങൾ അവൾക്കു ചുറ്റും വട്ടമിട്ട് പറന്നു.വൃക്ഷങ്ങൾ ഇളം കാറ്റിൽ നൃത്തം ചെയ്തു.കുളിർക്കാറ്റ് അവളെ മെല്ലെ തലോടി. അവൾ നടന്ന് വരുന്ന വഴിയിലാകെ പനിനീർപ്പൂക്കൾ സുഗന്ധം പരത്തി. അവരെല്ലാം അവളുടെ സന്തോഷത്തിൽ പങ്കുചേരുന്നതായി അവൾക്കുതോന്നി.

കുറേ ദൂരം ചെന്നപ്പോൾ ഒരു ഭയാനകമായ

കാഴ്ചകണ്ട് അവൾ സ്തംബിച്ച നിന്നു. തന്റെ കുഞ്ഞുകുടിൽ മുതൽ നാട്ടിലെ മണിമാളികകൾ വരെ എല്ലാം തകർന്നിരിക്കുന്നു. തടിച്ചൊഴുകുന്ന രക്തപ്പുഴ. നാട്ടുകാരെല്ലാം മൃതദേഹങ്ങളായി മാറിയിരിക്കുന്നു. ഒരു ബോംബ് സ്ഫോടനം നടന്നതുപോലെ. മുഴുവൻ മരങ്ങളും പക്ഷികളും മൃഗങ്ങളും പോലും മൃതദേഹങ്ങളായിരിക്കുന്നു. എന്താണ് സംഭവിച്ചതെന്ന് മനസ്സിലാകാതെ അവൾ വിങ്ങുന്നനഞ്ചുമായി തന്റെ കുടിലുണ്ടായിരിക്കുന്നിട ത്തേക്ക് ഓടി. താൻ ആർക്ക് വേണ്ടിയാണോ പരീക്ഷയിൽ ഒന്നാം സ്ഥാനം വാങ്ങിയത് അവർ ഇതാ ചലനമറ്റുകിടക്കുന്നു.

"അമ്മേ കണ്ണുതുറക്ക്, അമ്മേ!" അവൾ പൊട്ടിക്കരഞ്ഞു. എന്തുചെയ്യണമെന്നവൾക്കറിയില്ലായിരുന്നു.

"മോളെ, വേഗം എഴുന്നേൽക്ക്. ഇന്നല്ലേ നിന്റെ റിസൾട്ട് വരുന്നത് " അമ്മ അവളെ ഉറക്കത്തിൽ നിന്ന് എഴുന്നേൽപ്പിച്ചു.

"അമ്മേ! അമ്മയ്ക്കൊന്നും പറ്റിയില്ലല്ലോ!"

അവൾ പൊട്ടിക്കരഞ്ഞു. "എനിക്കെന്ത് പറ്റാൻ? മോള് വല്ല സ്വപ്നവും കണ്ടതാവും. അമ്മയ്ക്കുപോകാൻ സമയമായി."

അവളുടെ നെറ്റിയിൽ വാത്സല്യത്തോടെ ചുംബിച്ച് അമ്മ ജോലിക്കുപോയി. താൻ കണ്ടത് സ്വപ്നമാണല്ലോ എന്നവൾ ആശ്വസിച്ചു.

അടുത്ത വീട്ടിലെ പത്രം പതിവുപോലെ അവൾ വായിക്കാനായി കുടിലിൽ കൊണ്ടുവന്നു. മുൻപേജിൽ തന്നെ പ്രധാനവാർത്തയായി ഉണ്ടായിരുന്നത് ഞെട്ടിക്കുന്ന ഒരു വാർത്തയായിരുന്നു 'ഇസ്രയേൽ പാലസ്റ്റീനിൽ ബോംബ് സ്ഫോടനം നടത്തി പിടഞ്ഞു മരിച്ച് ആയിരങ്ങൾ, പരിക്കേറ്റത് ലക്ഷങ്ങൾക്ക്.' അവൾ താൻ കണ്ട സ്വപ്നം ഓർത്തു. സ്വപ്നത്തിലൂടെയാണെങ്കിലും പ്രിയപ്പെട്ടവർ നഷ്ടപ്പെട്ടാലുണ്ടാകുന്ന വേദന അവൾ നേരത്തേ അനുഭവിച്ചതാണ്.

എന്തിനാണ് നിരപരാധികളും നിഷ്കളങ്കരുമാകുന്ന പാവങ്ങളോട് ഈ ക്രൂരത! എത്ര പിഞ്ചുകുഞ്ഞുങ്ങളാണ് മരിക്കുന്നത്! എത്രപേർക്കാണ് മനസ്സിലും ശരീരത്തിലും മുറിവേൽക്കുന്നത്. ഭവനത്തേയും പ്രീയപെട്ടവരേയും എത്രപേർക്കാണ് നഷ്ടപ്പെടുന്നത്! എത്ര നിരപരാതികളാണ് ഈ ദുരിതം അനുഭവിക്കുന്നത്! ഈ ക്രൂരതയ്ക്കിരയാകുന്നത്! ഭൂമിയെ മുൾവേലികൾക്കൊണ്ട് പലരാജ്യങ്ങളായി വേർതിരിച്ചിട്ടുണ്ടെങ്കിലും എല്ലാവരും മനുഷ്യനല്ലേ! ഒരു മുൾവേലിക്കിരുപുറങ്ങളിൽ താമസിക്കുന്നവർ തമ്മിൽ യുദ്ധമെന്തിനാണ്! മറ്റുള്ളവരുടെ കണ്ണുനീർകാണുമ്പോൾ മനുഷ്യർക്ക് എന്ത് സന്തോഷമാണ് കിട്ടുന്നത്! ഭൂമി മനുഷ്യരുടേത് മാത്രമല്ല, മറ്റുള്ള ജീവജാലങ്ങളേയും നശിപ്പിക്കാൻ ഇസ്രായേലിലെ ചെകുത്താൻമാർക്ക് എന്തധികാരമാണുള്ളത്!

ഇങ്ങനെ പല സംശയങ്ങളും അവളുടെ മനസസ്സിൽ കടന്നു കൂടി

"എന്തായാലും ഈ കൊടും ക്രൂരതയ്ക്ക് കാലം തിരിച്ചടിക്കും. മനുഷ്യമനസ്സാക്ഷിപോലും ഈ വെടിവെപ്പിലും സ്ഫോടനത്തിലും കത്തിയെരിഞ്ഞില്ലാതായിരിക്കുന്ന കള്ളം, ചതി, അനീതി, ക്രൂരത, അഴിമതി- ഇവയെല്ലാം വിളയാടുന്ന ഇന്നത്തെക്കാലത്ത് ഇത്തരം വാർത്തയല്ലാതെ വേറെയെന്ത് കേൾക്കാൻ! ഇനി വരാൻ പോകുന്ന തലമുറയെങ്കിലും സ്നേഹവും സന്തോഷവും നിറഞ്ഞതാകാൻ പ്രാർത്ഥിക്കുകയല്ലാതെ മറ്റുമാർഗമില്ല"" അവൾ സ്വയം പറഞ്ഞു.കുറച്ചുനേരത്തിനുള്ളിൽ സ്കൂളിൽ പോകാനൊരുങഹങ്ങി അവൾ പാത്രം തിരിച്ചേൽപ്പിച്ചു പ്രതീക്ഷയോടെ സ്കൂളിലേക്ക് നടന്നു നീങ്ങി.

**അവന്തിക ഇ**
**8A**

# വർഷകാലത്തിൻ പുതുമണം

ഉള്ളിൽ കുടിനീരൊതുക്കി വെച്ചാ
പഞ്ഞിക്കെട്ടുകൾ പോലെ നീങ്ങി
സ്വർണ്ണവർണ്ണത്തിൻ ശോഭിച്ചിരുന്നൊരാ
സൂര്യനെ തന്നെ മറച്ചുവെച്ചു
ചേലൊത്ത വജ്രത്തിൻ തെല്ലുപോലെ
അഴകാർന്ന തുള്ളികൾ താഴെ വീണു
ധാരയായ് താഴേക്കിറങ്ങിയ തുള്ളികൾ
ഈ അവനിയിൽ കുളിർനിറച്ചു
വെള്ളിവെളിച്ചത്തിന്നാത്മാവുപോലൊരാ
മിന്നലും വാനിൽ തെളിഞ്ഞു വന്നു
കുളിർകോരിച്ചൊരിയുവാൻ മാരുതനും
പേടിപ്പെടുത്തുവാൻ ഇടിയും വന്നു
കുഞ്ഞിക്കിളിയോ അമ്മക്കിളിതൻ
ചിറകുതൻ ഉള്ളിൽ മറഞ്ഞനേരം
വർഷകാലത്തിൻ പുതുമണ മീ
ധരണിയിലാകെ നിറഞ്ഞു നിന്നു.

അവന്തിക.ഇ
8A



# പ്രകൃതിസംരക്ഷണം

പ്രകൃതി നമ്മുടെ അമ്മയാണ്. ജലം, വായു,അനേകം ജീവജാലങ്ങളും ഉൾപ്പെടുന്ന പ്രകൃതി മനുഷ്യൻ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ് വായു മലിനീകരണം ,ജലമലിനീകരണം തുടങ്ങിയ ഒരുപാട് കാര്യങ്ങൾ മനുഷ്യൻ തന്നെ



യാണ് മലിനമാക്കുന്നത് .വയലുകൾ നികത്തിയും പുഴയില്നിന്നു മണൽ വാരിയും കുന്നുകളിടിച്ച തകർത്തും മനുഷ്യൻ പ്രകൃതിയെ ഉപദ്രവിക്കുന്നു . ഇതിന്റെയൊക്കെ പ്രതിഫലമായി പ്രകൃതി തരുന്ന-താണ് വെള്ളപ്പൊക്കം,മണ്ണൊലിപ്പ് പോലുള്ള പ്രകൃ-തിദുരന്തങ്ങൾ ഈ പ്രകൃതിദുരന്തങ്ങളിൽ നിന്ന് മോ-ചനം വേണമെങ്കിൽ നമ്മൾ പ്രകൃതിയെ സംരക്ഷി-ച്ചേ പറ്റൂ. ഇത്രയേറെ പ്രകൃതിയെ ദ്രോഹിക്കുന്നതി-നേക്കാൾ നമുക്കും പ്രകൃതിയെ സംരക്ഷിക്കാൻ സാധിക്കും . ഇന്നത്തെ കാലത്തു ഇഷ്ടിക,ഓട് എന്നീ സാധനങ്ങൾ നിർമ്മിക്കാൻ വയലിൽനിന്നു ചെളി എടുക്കേണ്ട ആവശ്യമില്ല. പ്ലാസ്റ്റിക് മാലിന്യ-ങ്ങൾ കൊണ്ട് ഫാക്ടറികളിൽ ഇഷ്ടിക നിർമ്മിക്കു-ന്നുണ്ട് .നമ്മുടെ ജീവിതത്തിൽ നമ്മൾ ഒരു മരമെ-ങ്കിലും നട്ടുവളർത്തിയിരിക്കണം.നമ്മുടെ അമ്മയായ പ്രകൃതിക്കുവേണ്ടി.

ജ്യോതിക.കെ-8F

# എരിയുന്ന ഭൂമി

ചുട്ടുപൊള്ളുന്ന ഭൂമിതൻ മെയ്യാകെ
വെന്തുരുകുന്നു മെഴുകുതിരിപോലെ
പള്ളിക്കൂടത്തിൻ പടിവാതിലിൽ നിൽക്കും
കുഞ്ഞുമനസ്സിൻ പ്രതീക്ഷകളും
പുള്ളിക്കുടയും കരങ്ങളിലേന്തി
ഉല്ലസിച്ചാടി നടക്കും മഴയത്ത്
കടലാസുതോണി ഒഴുക്കിയ നേരത്ത്
ഓർത്തില്ലയോ നല്ലനാളേക്കുവേണ്ടി
ചരൽക്കല്ലിൽ ചിരിത്തൂളുമ്പുന്ന പെണ്ണേ
മഴപ്പെണ്ണേ നീയിപ്പോളെങ്ങുപോയി
പ്രകൃതിതൻ ദാനങ്ങളെ നശിപ്പിക്കുവാനായി
സൃഷ്ട്ടിച്ചതല്ലല്ലോ നമ്മളിലാരേയും
വനവൃക്ഷമായാലും ജലസസ്യമായാലും
ജീവജാലങ്ങളെ ദ്രോഹിച്ചിട്ടും
മരണായുധങ്ങളോ ജീവൻതുടിപ്പുകൾ
വെട്ടിയെടുത്ത മനുഷ്യരാശി
ഇനിവരും തലമുറയ്ക്കിവിടെയോ വാസമോ
അസാധ്യമായ് മാറിയിട്ടുന്നുവല്ലോ
മാപ്പിരക്കുന്ന മനുഷ്യരാശിക്ക്
അല്പമാം ആയുസ്സേ ബാക്കിയുള്ളൂ.



ദിയ.8D

# കാലാ (അ )വസ്ഥ

**വികസനം**

വയൽ നികത്തണം
കുന്ന് നിരത്തണം
(നിരത്തിലാക്കണം )
നദിയായ നദിയൊക്കെ
കുഴിച്ച് മൂടണം
ഒന്നിനെയും വെച്ചേക്കരുത്
ഉള്ളതിന്റെ ഒഴുക്ക് തടയണം
വികസനത്തിന്റെ
ആറുവരികുതിപ്പാണ് ......

**ബാക്കി**

മാരിപ്പെയ്ത്താണ്
കാലംതെറ്റിയ വരവാണ്
പുഴയ്ക്കും മണ്ണിനും
കുന്നിനും വേണ്ടാഞ്ഞിട്ട്
തള്ളിക്കളഞ്ഞു
താൻ കുഴിച്ച കുഴിയിൽ
തൻ തന്നെ....


**വാൽക്കഷണം**

വീട് 3500 സ്ക്വയർ ഫീറ്റ്
മുറ്റം ഇന്റർലോക്ക്
പിന്നെ എ സി
മണ്ണ് ചവിട്ടാനേ വയ്യ
ഉള്ളിൽ ചെളിയാകും
വീടിന് സൈറ്റ് പോരാ
മുമ്പിലെ മരങ്ങളെല്ലാം
മുറിക്കണം
പറമ്പ് ലെവലാക്കണം
ഒറ്റൊരു കുന്നല്ലേ. .... സാരുല്ല.

ലൈല.കെ.വി.
(മലയാളം അധ്യാപിക)




## റിയാന്റെ കിണർ




അബ്ദുള്ളക്കുട്ടി എടവണ്ണ എഴുതിയ റിയാന്റെ കിണർ - ജലത്തിനായി ഒറ്റയ്ക്ക് പോരാടിയ ഒരു ബാലന്റെ ജീവിതകഥ .

കാനഡയിൽ ഒരു സ്കൂളിൽ ഒന്നാം ക്ലാസ്സിൽ പഠിക്കുന്ന റിയാൻ തന്റെ ടീച്ചറിലൂടെ ആഫ്രിക്കയിൽ അനുഭവിക്കുന്ന കുടിവെള്ളക്ഷാമത്തെ കുറിച്ച് മനസ്സിലാക്കുന്നു.അവർ മലിനജലമാണ് കുടിക്കുന്നതെന്നു മനസ്സിലാക്കിയ റിയാന് വിഷമം തോന്നി .അങ്ങനെ അവൻ അച്ഛനോടും അമ്മയോടും ചോദിച്ചപ്പോൾ  എഴുപതുഡോളർ ആകുമെന്ന് പറഞ്ഞു.എന്നാൽമാതാപിതാക്കൾക്ക് അത്രയും തുക നൽകാൻസാധിക്കില്ല.അതിനാൽ വീട്ടിലെ ചെറിയ ചെറിയ ജോലികൾ ചെയ്തു.നാല് മാസങ്ങൾക്കു ശേഷം അവന്റെ കയ്യിൽ എഴുപതു ഡോളർ ലഭിച്ചു .അങ്ങനെ ആഫ്രിക്കയിൽ കിണർ നിർമ്മിക്കാൻ തയ്യാറായപ്പോൾ എഴുപതു ഡോളർ അല്ലെന്നും രണ്ടായിരം ഡോളർ ചിലവാകുമെന്നും മനസ്സിലാക്കിയ മാതാപിതാക്കൾക്ക് വിഷമമാകുന്നു .എന്നാൽ കൊച്ചു റിയാൻ പിന്മാറാൻ തയ്യാറായില്ല. കുറച്ചു നാളുകൾക്കു ശേഷം അവൻ പിന്നെയും ജോലിചെയ്ത് രണ്ടായിരം ഡോളർ സമ്പാദിച്ച് ഒരു ആഫ്രിക്കൻ സംഘടനയെ സമീപിച്ചു .അവർ  അവനോടു എവിടെയാണ് കിണർ കുഴിക്കേണ്ടതെന്നു ചോദിച്ചപ്പോൾ ഒരു സ്കൂളിനടുത്തു മതിയെന്ന് പറഞ്ഞു.അവർ കുഴൽകിണർ നിർമ്മിക്കാമെന്നു സമ്മതിക്കുകയും ചെയ്തു. എന്നാൽ ഡ്രില്ലിങ് മിഷീനും മറ്റും ഇല്ലാതെ ഈ കുഴൽകിണർ വേഗത്തിൽ നിർമ്മിക്കാൻ പറ്റില്ലെന്ന് അവർ മനസ്സിലാക്കുന്നു.റിയാൻ അവന്റെ ടീച്ചറുടെയും കൂട്ടുകാരുടെയും രക്ഷിതാക്കളുടേയും  സഹായഹസ്തങ്ങളാൽ അത്രയും വലിയ തുക സമ്പാദിക്കാൻ സാധിച്ചു.പണം നൽകുകയും ചെയ്തു .ഉഗാണ്ടയിലെ കലാപകാരികളുടെ കയ്യിൽ അകപ്പെടുന്ന ജിമ്മിയും അവനെ രക്ഷിക്കാൻ ശ്രമിക്കുന്ന റിയാന്റെയും കഥയാണ് പിന്നീടുള്ളത്.ഇപ്പോൾ റിയാൻസ് വെൽ ചാരിറ്റബിൾ ഫൗണ്ടേഷൻ എന്ന സ്ഥാപനം സ്ഥാപിക്കുകയും ഒപ്പം പടർന്നു പന്തലിക്കുന്ന ഒരു സ്ഥാപനമായി മാറുകയും ചെയ്തു .


കൊച്ചുകുട്ടിയായ റിയാൻ വിചാരിച്ചാൽ കാതങ്ങൾ അകലെയുള്ള നാട്ടിൽ വെള്ളം എത്തിക്കാൻ സാധിക്കുമെങ്കിൽ നാം ഓരോരുത്തരും മനസ്സുകൊണ്ട് ഉറച്ച തീരുമാനങ്ങളുമായി മുന്നോട്ട് നീങ്ങിയാൽ എന്തുകാര്യവും നടപ്പിലാക്കാം എന്നു ഈ കഥ നമ്മെ പഠിപ്പിക്കുന്നു.

**അമൃത പവിത്രൻ-9B**


വരകൾ
വർണ്ണങ്ങൾ



ഋത്വിക്.പി.ബിജു
10 B


Sureshannur

# കാർട്ടൂൺ




ശ്രീഹരി.സി.കെ.വി
9 F



വര
ആതിര ഷാജി
9 E


sharon-m


sreehari p


SREEHARI S MOHAN


ANUNANDA



# *Whispers of the Dreamer's Night*


**Rithik M**

# ചെറിയ എന്നാൽ വലിയ ഭീകരൻ

നിശ്ശബ്ദത .... എങ്ങും നിശ്ശബ്ദത .... മനുഷ്യൻ വീടിനു പുറത്തിറങ്ങാൻ ഭയക്കുന്നു. കാരണം ചെറിയ എന്നാൽ വലിയ ഭീകരൻ അവിടെയുണ്ട്. മനുഷ്യനെ നിമിഷനേരം സ്തബ്ധനാക്കുന്ന കൊവിഡ് – 19 എന്ന ഭീകരൻ മനുഷ്യനെ മാത്രമല്ല, ലോകത്തെ മുഴുവൻ മരണഭീതിയിലാഴ്ത്തുന്ന കുഞ്ഞൻ വൈറസ്. മനുഷ്യനെ വീടുകളിൽ തളച്ചിടാൻ കഴിവുള്ള രോഗാണു. മനുഷ്യമനസിനെ ഏകാന്തതയിലേക്ക് തള്ളിവിടുന്ന അടച്ചിടൽ, മനുഷ്യമനസിനെ തളച്ചിടുന്ന ഏകാന്തത.

മഞ്ഞുമനുഷ്യനെപോലെ PPE കിറ്റ് ധരിച്ച് രോഗികളെ പരിചരിക്കുന്ന ആരോഗ്യപ്രവർത്തകർ. മരണമടഞ്ഞ ഉറ്റവരുടെയും ഉടയവരുടെയും ചേതനയറ്റ ശരീരം ഒന്നു കാണാൻപോലും പറ്റാതെ ഹൃദയം നുറുങ്ങുന്ന വേദനയോടെ ബന്ധുക്കൾ .

ഒന്നു ചിന്തിച്ചു നോക്കൂ !!!



ഇങ്ങനെയൊരു പ്രതിസന്ധിഘട്ടം തരണം ചെയ്തല്ലേ ഇന്നത്തെ നമ്മുടേ ഓരോ ശ്വാസവും. പ്രതീക്ഷ!!! അതെ പ്രതീക്ഷ !!! അതിലൂടെയല്ലേ നമ്മുടെ ഓരോരുത്തരുടെയും നിലനില്പ് ....

“ഒരുമയുണ്ടേൽ
ഉലക്കമേലും
കിടക്കാം.....”
എന്നും മാത്രം
ഓർമ്മിപ്പിക്കുന്നു.
ഒന്നിച്ചു നിൽക്കാം
നല്ലൊരു
നാളേയ്ക്ക് .

**Dilna RadhaKrishnan**
**9G**

# Life

Life is not just period
from birth to death
our life is given by the earth
it must for the earth
life is a narrow bridge
of joys and sorrows
Nothing will be lasting
for a long time
you’re the chef of your life.
So don’t hand over your
hat and apron to another
life is the mirror
of your personalty
No one is great in your life
your’e are great
life will be greatful
while we are not waiting
for something great to happen
it will be greatful
when we try  to do
something greatful

**Shivapriya M Sujith**

# ഇനിയും പൂക്കുവാൻ  കാലമുണ്ടോ ?

ഇനിയും
പൂക്കുവാൻ
കാലമുണ്ടോ ?
കവിതകൾ വിരിയുവാൻ
സമയമുണ്ടോ ?

നറുതേൻ പൊഴിക്കുവാൻ
കിളികൾ ചിലക്കുവാൻ
ഇനിയും പുലരിക-
ളേറെയുണ്ടോ ?
മാമ്പഴം നിറയുവാൻ
മധുരം പൊഴിക്കുവാൻ
കല്ലേറു കൊണ്ടിട്ടടർ-
ന്നൊന്നു വീഴുവാൻ
ഇനിയും കാലങ്ങൾ
കാത്തിരിപ്പുണ്ടോ?
പൂമണം വിതറുവാൻ
പുഞ്ചിരി വിടർത്തുവാൻ
പ്രതീക്ഷകൾ നേരുവാൻ
കാലമുണ്ടോ ?

എൻ ശിഖരങ്ങൾ
പടർന്നേറിയാ-

പാതവക്കിന്നുമപ്പുറം
വികസനക്കൊടുങ്കാറ്റു
വീശവേ
നെഞ്ചിൽ വെട്ടേറ്റു
വീഴുമോ

ഞാനുമെന്നുറ്റവർപോലെ

എനിക്കീ ജീവിതപ്പുഴ
കടക്കവേ, എരിവെയിൽ
വകഞ്ഞു തണലേകണം
സമ്മാനമായ് നൽകണ-
മൊരു മാമ്പൂമണക്കുന്ന കാലം!
പൂന്തേൻ പൊഴിച്ചൊരായിരം
വിരുന്നൂട്ടണം
പൂവിരിഞ്ഞുണ്ണികൾ വിരിയവേ,
ആനന്ദമാകണം
മാങ്കനികൾ കുലകളായ്
വിഷുക്കണിയാകണം
മനസ്സിൽ മധുരിക്കും
മാമ്പഴക്കാലമാകണം
കുരുവിക്കുമണ്ണാറക്കണ്ണനും
തേൻമഴയാകണം
കുരുന്നുകൾക്കാഹ്ലാദ
സംഗീതമാകണം

ഇനിയും കാലമുണ്ടാകണം
മറ്റുള്ളവർക്കായ്
ഹൃദയ സംഗീതം
പൊഴിക്കുവാൻ!
ഇനിയും സ്നേഹമുണ്ടാകണം
അകതാരു കുളിർക്കുവാൻ!

**വസന്ത കുറുമാത്തൂർ**

അധ്യാപിക



# माँ

एक दिन एक चालीस साल का आदमी एक वृध्दाश्रम में आया। अपनी माँ को देखने के लिए। वहाँ के डॉक्टर ने कहा कि माँ के इलाज के लिए बहुत सारा पैसा भरना पड़ेगा। उस आदमी को बहुत गुस्सा आया वह अपनी माँ के कमरे में गया।

माँ बहुत गहरी नींद में थी। पर अपने बेटे की आवाज़ सुनते ही वह उठी। और अपने बेटे से बाते करने लगी। माँ बहुत प्यार से अपने बेटे से बातें कर रही थी। पर बेटा अपनी माँ की बातों को बेकार समझकर उनमे कोई भी दिलचस्पी नहीं दी।

अचानक माँ ने एक बात कही."बेटा इस वृद्धाश्रम के सारे पलंग पुराने हो गए है और इस कमरे में सिर्फ एक ही पंखा है और उसमे से ज्यादा हवा भी नहीं आती। इसीलिए तुम इस वृद्धाश्रम के लिए बीस पंखे और दस पलंग दे दो"।

पर ये बात उस बेटे के दिमाग में बिलकुल नहीं आयी और वह समझा भी नहीं। उसने कहाँ "अब ये सब किसके लिए है माँ? आप तो अब यहाँ ज्यादा दिन रुकेंगे भी नहीं. तो इन सबकी क्या ज़रूरत?"

माँ एक मुस्कुराहट के साथ कहने लगी."ये मेरे लिए या यहां के बाकि लोगों के लिए नहीं हैं.मे तो इसके बिना भी काम चल सकती हूं। पर उस दिन जब तुम्हारे बच्चे भी तुम्हे इसी तरह वृद्धाश्रम में छोड़ेंगे तो तुम इन सबके बिना कैसे जीयोगे?". माँ की यह बात सुनकर वह बेटा हैरान हो गया।

देवराज.ए
9 B

## വായനാക്കുറിപ്പ്

കൃതി : നൂറ് സിംഹാസനങ്ങൾ
എഴുത്തുകാരൻ : ജയമോഹൻ

# സിംഹാസനം ആരുടേത് ?

ഉള്ളം പൊള്ളിക്കുന്ന ജീവിതയാഥാർത്ഥ്യങ്ങൽ മൂർച്ചയുള്ളൊരു വാളായി. നമ്മുടെ ചിന്തയെയും സമത്വബോധത്തെയും ആഴത്തിൽ വേദനിപ്പിക്കുന്ന ഒരു കൃതിയാണ് ജയമോഹന്റെ നൂറ് സിംഹാസനങ്ങൾ വായിച്ചുകഴിഞ്ഞാൽ വായനയുടേ പരിസരത്തിൽനിന്ന് യാത്ഥാർത്യത്തിലേക്ക് മടങ്ങിവരാൻ നമ്മൾ ഏറെ കഷ്ടപ്പെടേണ്ടിവരും. ആരാണ് സിംഹാസനത്തിൽ ഇരിക്കേണ്ടവർ? അവരുടെ യോഗ്യത എന്താണ്? ആരാണ് ആ യോഗ്യത നിശ്ചയിക്കേണ്ടത്? തുടങ്ങിയ ചോദ്യങ്ങൾ വായനയ്ക്കു ശേഷവും നമ്മെ പിന്തുടരും.

സ്വതന്ത്രവും തീക്ഷ്ണവുമായ രചനാലോകമാണ് ജയമോഹനൻ ആസ്വാദകർക്ക് നൽകുന്നത്. ഇന്ത്യൻ സംസ്ഥാനമായ തമിഴ്നാട്ടിലെ നാഗർ കോവിലിൽ നിന്നുള്ള ഒരു ഇന്ത്യൻ,തമിഴ്,മലയാളം ഭാഷാ എഴുത്തുകാരനും സാഹിത്യനിരൂപകനുമാണ് ബാഹുലേയൻ ജയമോഹൻ നായർ.അദ്ദേഹത്തോടു നായാടി കുലത്തിൽനിന്നു വന്ന ഒരു ഐ.എ.എസ് ഓഫീസർ പറഞ്ഞ ജീവിതത്തിന്റെ കഥാരൂപമാണ് നൂറ് സിംഹാസനങ്ങൾ. എത്ര ഉന്നതമായ ഒരു പദവിയിലെത്തിയാലും ഒരു കാര്യവും ഇല്ല. മറ്റുള്ളവർ നമ്മുടെ ജാതിയുടെയും മതത്തിന്റയും പദവി നോക്കിയാണ് നമ്മെ അംഗീകരിക്കുന്നത് എന്ന വളരെ ഹീനമായ സമ്പ്രദായമാണ് കഥാകൃത്ത് അവതരിപ്പിക്കുന്നത്.കഥാനായകൻ കലക്ടർ പദവിയിലെത്തിയിട്ടും സമൂഹത്തിൽ ഇപ്പോഴും നിലനിൽക്കുന്ന ജാതിവ്യവസ്ഥയ്ക്ക് ഇരയാകുകയാണ്.സ്വന്തം അമ്മയെ ദയനീയമായ ഒരവസ്ഥയിൽ കാണുമ്പോൾ കഥാനായകനുണ്ടാകുന്ന മാനസികാവസ്ഥ ഏതൊരു വായനക്കാരന്റെയും കരളലിയിപ്പിക്കുന്ന രംഗമാണ്.ഈ കഥ വായിച്ചപ്പോൾ ഒരു അമ്മയെ വിലകല്പിക്കാത്ത സുധ എന്ന സ്ത്രീയോട് വെറുപ്പും അമർഷവും തോന്നി നമ്മെ പൊന്നുപോലെ സംരക്ഷിക്കുന്ന അമ്മയെ വൃദ്ധസദനങ്ങളിലേക്ക് തള്ളുന്ന പുതുതലമുറയിലെ ഒരുക്കൂട്ടം ജനങ്ങൾക്ക് ഉദാഹരണമാണ് സുധ എന്ന ഈ കഥാപാത്രം. കഥയുടെ പല സന്ദർഭങ്ങളിലും തന്റെ ഗുരുവായ പ്രജാനന്ദനെ ഓർക്കുന്നുണ്ട്. ശ്രീനാരായണഗുരുവിന്റെ ശിഷ്യനായ



ഏണസ്റ്റ് ക്ലാർക്കിന്റെ ശിഷ്യനാണ് സ്വാമി പ്രജാനന്ദൻ.ജയമോഹന്റെ നൂറ് സിംഹാസനങ്ങളിൽ അലയടിച്ച് ഇരമ്പുന്ന മഹാസാഗരമുണ്ട്.നായാടിയെ നായാടുന്ന സമൂഹത്തിന്റെ ക്രൗര്യവും,അപകർഷതാബോധംമൂലം ആൾക്കൂട്ടത്തിലും ഒറ്റപെട്ടുപോകുന്ന ഒരുമനസ്സിന്റെ തീവ്രവേദനയും കഥാകൃത്ത് ഈ കഥയിൽ സൂചിപ്പിക്കുന്നത്.എഴുത്തിന്റെ വ്യത്യസ്ഥത കൊണ്ടും ആഖ്യാനത്തിന്റെ കെട്ടുറപ്പുകൊണ്ടും മികച്ച ഒരുനോവലാണ് "നൂറ് സിംഹാസനങ്ങൾ". പട്ടിക ജാതിക്കാരും പട്ടിക വർഗങ്ങളിൽ പെടുന്ന നായാടികളുമൊക്കെ ഹരിജൻ എന്ന പേരിൽ അറിയപ്പെടുകയും അവരുടെ സമത്വത്തിനായി ഇന്ത്യൻ ഭരണഘടന അവർക്ക് പ്രത്യേക അവകാശങ്ങൾ വാഗ്ദാനം ചെയ്യുന്നുമുണ്ട്. എന്നാൽ അവർ ഇപ്പോഴും അവകാശനിഷേധത്തിന്റെ ഇരകളായി ഒറ്റപ്പെടലിന്റെ ഇരുണ്ട തുരുത്തുകളിൽ കഴിയുകയാണ്.അഞ്ച് ഭാഗങ്ങളിലായാണ് നൂറ് സിംഹാസനങ്ങൾ എന്ന ചെറുനോവൽ എഴുതിയിരിക്കുന്നത്.മനസ്സിൽ ആഴത്തിൽ കൊളുത്തിവലിക്കുന്ന ചിന്തകൾ നമ്മിൽ ഉണർത്തുന്ന അഞ്ച്ചിത്രങ്ങളുമുണ്ട്. ഓരോ ഭാഗത്തിന്റെയും തുടക്കത്തിലാണ് അവ നൽകിയിരിക്കുന്നത്.അമ്മ കാപ്പാ എന്ന് വിളിക്കുന്ന ബാലുവാണ് ഇതിലെ ഉള്ളുരുക്കുന്ന കേന്ദ്ര.ബാലുവിന്റെ ഭാര്യ സുധ,ഡോക്ടർ മാണിക്യം,ബാലുവിന്റെ അമ്മ,മകൻ പ്രേം, സ്വാമി പ്രജാനന്ദൻ എന്നിവർ നോവലിനെ മുന്നോട്ട് നയിക്കുന്ന കഥാപാത്രങ്ങളാണ്.അധികാരകസേരകൾ തമ്പുരാനുള്ളതാണ് എന്ന് ചിന്തിക്കുന്ന അമ്മ,അത് നൽകാൻ തയാറാവാത്ത സവർണർ വർഗം,ഒന്നിനോടും പൊരുത്തപ്പെടാനാവാതെയുള്ള സുധ,മകൻ പ്രേം,സാമൂഹിക പരിഷ്കരണം ജീവിതലക്ഷ്യമാക്കി ജീവിക്കുന്ന സ്വാമി പ്രജാനന്ദൻ എന്നിവരെല്ലാം വായനക്കാരന്റെ മനസ്സിൽ തങ്ങിനിൽക്കുന്നു.

ധർമങ്ങളിൽ ഏറ്റവും വലുത് സമത്വം തന്നെ. അതാണ് ഏറ്റവും വിശുദ്ധമായത്. ഒരു നായാടിയെയും മറ്റൊരു മനുഷ്യനെയും രണ്ടുവശത്തും നിർത്തുകയാണെങ്കിൽ സമത്വം എന്ന ധർമത്തിന്റെ അടിസ്ഥാനത്തിൽ ആ ക്ഷണം തന്നെ നായാടി അനീതിക്ക് ഇരയാവാനായി മാറിക്കഴിഞ്ഞു.

അവൻ എന്തു ചെയ്തിട്ടുണ്ടെങ്കിലും അവൻ നിരപരാതിയാണ് എന്ന വാക്യം സ്വാതന്ത്ര്യം ലഭിച്ച് എഴുപത്തിയഞ്ച് വർഷങ്ങൾക്ക് ശേഷവും നമ്മുടെ രാജ്യത്ത് പ്രതിഫലിക്കുന്നുണ്ടെന്ന് ഈ നോവൽ നമ്മെ ഓർമ്മിപ്പിക്കുന്നു.

ഗയ എം
8C

# സാക്ഷി

പുലർച്ചെ നാലുമണി ഘടികാരങ്ങൾ നിലയ്ക്കുന്ന ഇരുട്ടിന്റെ മറവിൽ അയാൾ മൂന്ന കൊലപാതകവും നടത്തി പണവുമായി പുറത്തുനിർത്തിയിട്ട കറുത്ത കാറിൽ അതിവേഗം നഷ്ടപ്പെടുന്നു. പെട്ടെന്നാണ് പട്ടികൾ കുരച്ചുകൊണ്ട് ആ കാറിന്റെ പുറകെ ഓടിയെത്തിയത് വണ്ടിയിൽ ഉണ്ടായിരുന്ന അയാൾ മൂന്ന പട്ടികളെ വെടിവെച്ചുകൊന്നു ബാക്കി പട്ടികൾ പേടിച്ച് അവിടെ നിന്നും പോയി.

പിറ്റേന്ന് രാവിലെ അതുവഴി ഒരാൾ നടന്നു പോകുമ്പോൾ കൊല നടന്ന വീടിന് സമീപത്ത് ഒരു പട്ടി ഒരു വിരലും കടിച്ചു നിൽക്കുന്നത് കണ്ടു. അതിനരികിൽ തന്നെ മൂന്ന് പട്ടികൾ വെടികൊണ്ട നിലയിൽ കിടക്കുന്നു.

പെട്ടെന്ന് തന്നെ അയാൾ പോലീസിനെ വിളിച്ചു വരുത്തി പോലീസ് ജീപ്പ് അപ്പോൾ തന്നെ അവിടെ പാഞ്ഞെത്തി ആ പട്ടികളെ കണ്ടാൽ ചോരയിൽ കുളിച്ചത് പോലെയുണ്ട് പോലീസുകാരൻ ആ പട്ടിയുടെ കാലിൽ പറ്റിപ്പിടിച്ച് ചോര എവിടെ നിന്നാണ് വന്നത് എന്നറിയാൻ ആ വീടിലേക്ക് കയറി അവിടെ കടിച്ചുകീറി വികൃതമാക്കപ്പെട്ട മൂന്ന് ശവ ശരീരങ്ങളാണ് കണ്ടത്.

ഇവർ ആരാണെന്നറിയാൻ പോലീസുകാരൻ അന്വേഷണം ആരംഭിച്ചു അപ്പോഴാണ് അവിടെ ഉണ്ടായിരുന്ന ജോലിക്കാർ ആ വീട്ടിൽ നിന്നും നേരത്തെ രക്ഷപ്പെട്ടു എന്ന് മനസ്സിലായത് അവരെ കണ്ടെത്താൻ ആ പോലീസുകാരൻ ഇറങ്ങിത്തിരിച്ചു.

അങ്ങനെ മണിക്കൂറുകൾ നീണ്ട അന്വേഷണത്തിന് ശേഷം ആ ജോലിക്കാരെ കണ്ടെത്തി എന്നിട്ട് അവരോട് അന്വേഷിച്ച "എന്തിനാണ് നിങ്ങൾ ഇവിടെ നിന്നും പോയത്? അപ്പോൾ ജോലിക്കാരിയായ സ്ത്രീ പറഞ്ഞു 'എനിക്ക് വീട്ടിൽ ഒരു അത്യാവശ്യമുണ്ടായിരുന്നു.'

അവരിൽ ഒരു ജോലിക്കാരൻ പറഞ്ഞു ഞാൻ ഇന്നലെ ഉച്ചയ്ക്ക് എന്റെ നാട്ടിലേക്ക് വണ്ടി കയറിയതാണ് ഇവരുടെ സംസാരമൊക്കെ ശ്രദ്ധിച്ച് ഡിക്റ്ററ്റീവ് മേഹുൽ അവിടെ തന്നെ ഉണ്ടായിരുന്നു.

മേഹുൽ കൊല നടന്ന സമയവും മറ്റു വിവരങ്ങളുമൊക്കെ ചോദിച്ചറിഞ്ഞ ശേഷം മടങ്ങിപോയി

മേഹുൽ പോലീസ് ഉദ്യോഗസ്ഥനോട് പറഞ്ഞു 'ഇത് വളരെ പ്ലാനിങ് നടത്തി ചെയ്ത കൊലയാണെന്നതിൽ തർക്കമില്ല. ആരാണി കൊല ചെയ്തത്? ഒന്നും മനസ്സിലാവുന്നില്ല അപ്പോൾ പോലീസുകാരൻ പറഞ്ഞു ' ശരി വേഗം സിസിടിവിയിൽ നോക്കാം ചിലപ്പോൾ അതിൽനിന്നും എന്തെങ്കിലും സൂചന കിട്ടിയേക്കാം അവിടെയുള്ള സിസിടിവി എല്ലാം നശിപ്പിച്ചിട്ടുണ്ടായിരുന്നു അപ്പോൾ ഇത് ചെയ്തവൻ ഭയങ്കര ക്രിമിനൽ തന്നെയാണ് മേഹുൽ പറഞ്ഞു



പക്ഷേ വീടിന്റെ ഒരു ഭാഗത്തുള്ള സിസിടിവി മാത്രം കളഞ്ഞിട്ടുണ്ടായിരുന്നില്ല അത് പരിശോധിച്ചപ്പോൾ ഒരാൾ കാറിൽ കയറി പോകുന്നത് കാണാം. ഇത് അയാൾ തന്നെ കാരണം അയാൾ കയ്യിൽ  തോക്ക് ഒളിപ്പിക്കുന്നുണ്ടായിരുന്നു പക്ഷേ ആ ക്രിമിനൽ ശ്രദ്ധിക്കാത്ത ഒന്നുണ്ടായിരുന്നു ആ കാറിന്റെ നമ്പർ പ്ലേറ്റ് ആയിരുന്നു അത്

മേഹൽ ഉറക്കെ പറഞ്ഞു അതേ തെളിവ് കിട്ടിയിരിക്കുന്ന വേഗം വാ ഈ നമ്പർ പ്ലേറ്റ് ആരുടെ പേരിലാണ് രജിസ്റ്റർ ചെയ്തതെന്നറിയണം.

കാറിന്റെ ഉടമസ്ഥനെ ആ പോലീസുകാരന് അറിയാമായിരുന്ന മേഹലിനെയും കൂട്ടി അയാളുടെ അടുത്തേക്ക് പോലീസുകാരൻ പോയി.

ഈ ദൃശ്യത്തിലുള്ള കാർ തന്റെ അല്ലേ? ഇത് എന്റെ ആയിരുന്ന അത് ഞാൻ എന്റെ കൂട്ടുകാരന് നൽകി ഇതുവരെയായിട്ടും തിരികെ കിട്ടിയിട്ടില്ല.

കൂട്ടുകാരന്റെ വീട് കണ്ടെത്തി അവർ അയാളോട് ചോദിച്ചു എവിടെയാണ് ഈ കാർ ഇപ്പോഴുള്ളത് എന്ന്.

എനിക്ക് പരിചയമുള്ള ഒരാൾ അത്യാവശ്യമായി ആശുപത്രിയിൽ ഒരാളെ കൊണ്ടുപോകണമെന്ന് പറഞ്ഞാണ് കാർ കൊണ്ടുപോയത് ആ കൂട്ടുകാരനെ കുറിച്ച് മനസ്സിലാക്കിയ മേഹൽ ഞെട്ടി ആ കൊല ചെയ്തതിനു പിന്നിലെ ക്രിമിനൽ ആരാണെന്ന് മനസ്സിലായി ' അയാൾ എപ്പോഴാണ് താങ്കളോട് കാർ വാങ്ങിപ്പോയത്?' മേഹൽ ചോദിച്ചു " ഇന്നലെ ഉച്ചയ്ക്ക് ശേഷമാണ് അവൻ കാർ ഇവിടെ നിന്നും കൊണ്ടുപോയത്" അയാൾ പറഞ്ഞു. ഡിക്ടറ്റീവ് മേഹലും പോലീസുകാരനും ആവശ്യമായ വിവരങ്ങൾ ചോദിച്ചറിഞ്ഞ ശേഷം അവിടെ നിന്നും മടങ്ങി.

മേഹിൽ തന്റെ ബൈക്കിൽ പോലീസുകാരനുമായി വേഗത്തിൽ പോയി " സർ എന്തിനാണ് ഇത്ര വേഗത്തിൽ പോകുന്നത്" ഡിക്റ്ററ്റീവ് മേഹലിനോട് ആ പോലീസുകാരൻ ചോദിച്ചു

താൻ അവർ പറഞ്ഞതൊക്കെ ശ്രദ്ധിച്ചിരുന്നോ? ജോലിക്കാരൻ പറഞ്ഞു ഞാൻ ഉച്ചയ്ക്ക് നാട്ടിൽ പോയി എന്ന് അയാളെക്കുറിച്ച് ഞാൻ അന്വേഷിച്ചിരുന്നു അയാൾ ഒരു അനാഥനായിരുന്നു എന്നാണ് ചോദിച്ചവരൊക്കെ പറഞ്ഞത് പിന്നെ അവൻ പറഞ്ഞത് ഉച്ചയ്ക്ക് ശേഷം നാട്ടിലേക്ക് പോയി എന്നാണ് പക്ഷേ ബന്ധുക്കളും സ്വന്തക്കാരും ഒന്നുമില്ലാത്ത അവൻ നാട്ടിൽ പോകുന്നത് എന്തിനാണ്?

വീടിനു സമീപത്തുള്ളവർ പറഞ്ഞത് അവൻ ഉച്ചയ്ക്ക് ശേഷം ബാഗുമായി പുറത്തിറങ്ങുന്നത് കണ്ടു എന്നാണ് അപ്പോൾ ഉച്ചയ്ക്ക് ശേഷം തന്നെയാണ് അയാൾ കാർ എടുത്തത് മാത്രമല്ല ഇയാളുടെ ഫോട്ടോ കാറെടുത്ത വീട്ടിലെ അയാളെ കാണിച്ചപ്പോൾ ആ ജോലിക്കാരൻ തന്നെയാണിതെന്ന് മേഹൽ ഉറപ്പ് വരുത്തിയിരുന്നു.

അയാൾ കാറിൽ കയറുമ്പോൾ തോക്കുകൾ സൂക്ഷിച്ച കറുത്ത ബാഗ് കൂടി ഉണ്ടായിരുന്നു അതായത് ഈ കൊലപാതകം നടത്തിയത് ആ ജോലിക്കാരനാണെന്ന് വ്യക്തമാണ്.

താങ്കൾ വളരെ ബുദ്ധിശാലി തന്നെ സാർ ആ ക്രിമിനൽ ഇപ്പോൾ രക്ഷപ്പെട്ടുകാണില്ലേ?

ഇല്ല, അയാളെ അവിടെ തടഞ്ഞുനിർത്താൻ ഞാൻ മറ്റു ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് അവർ ബൈക്കിൽ അരമണിക്കൂറിനുള്ളിൽ ആ ക്രിമിനലിന്റെ അടുത്തെത്തി.

എന്തിനാണ് താൻ അവരെ ഇത്ര ക്രൂരമായി കൊന്നത്? ആ വീട്ടുകാരുടെ അലമാരയിൽ കോടിക്കണക്കിന് പണം ഉണ്ടായിരുന്നു അത് കിട്ടാൻ വേണ്ടിയാണ് അയാൾ പേടിച്ചുകൊണ്ട് മറുപടി പറഞ്ഞു. അങ്ങനെ മേഹലും സംഘവും ആ കൊലപാതകം തെളിയിച്ച് മറ്റൊരു കേസ് അന്വേഷിക്കാനായി മടങ്ങി.

**ദേവാനന്ദ് പി വി**
8 G



# തുരത്തപ്പെടുന്നവർ

ഹർഷ കലിപ്പിലാണ്.
കുറച്ചുദിവസമായി അവളുടെ കലിപ്പ് തുടങ്ങിയിട്ട്.
കലിപ്പ് ഉണ്ടാവാൻ ഒന്നിലധികം കാരണങ്ങൾ ഉണ്ട് .

ഒന്നാമത്തെ സംഭവം ഒരു പേറ്റന്റുമായി ബന്ധപ്പെട്ടതാണ്.

ഗ്രാൻഡ് പാരൻസിന്റെ കൂടെ കുറച്ച് ഒഴിവുദിവസങ്ങൾ ചെലവഴിച്ച തിരിച്ചു വന്നതായിരുന്നു ഹർഷ . വന്ന ഉടനെ അവളുടെ ഉൂക്ക ചെടികളെ നിരീക്ഷിക്കുകയായിരുന്നു .അപ്പോഴാണ് അത്ഭുതം കണ്ടെത്തിയത്.

ജഡയായി വളർന്നുനിൽക്കുന്ന ഉൂക്ക പുൽ ചെടിയിലേക്ക് ചില കിളികൾ വന്നു പോയിക്കൊണ്ടിരിക്കുന്നു . പുൽ കൂടാരത്തിലേക്ക് ചെറിയൊരു ദ്വാരം പ്രവേശന കവാടം ആയി ഉണ്ടാക്കിയിട്ടുണ്ട്.

"അച്ഛാ നമ്മളെ ടർട്ടിൽ വൈനിൽ കിളികൾ വരുന്നുണ്ട് ....എന്നെ കണ്ടപ്പോൾ അത് പാറിപ്പോയി ....'

അച്ഛൻ പത്രത്തിൽ നിന്നും മുഖം ഉയർത്തിയത് പോലുമില്ല -നിസ്സംഗൻ .

അമ്മയാണെങ്കിൽ താൻ പറഞ്ഞ കാര്യം കേട്ടിട്ടേയില്ല -ഗ്രേറ്റ് ഇന്ത്യൻ കിച്ചൺ വർക്കർ .

ഇത്രയും വലിയ ഒരു കാര്യം താൻ കണ്ടെത്തിയതിന്റെ പേറ്റന്റ് തന്നില്ലെങ്കിലും വേണ്ട ....
ഒന്നു ചുമ്മാ അത്ഭുതപ്പെടുകയെങ്കിലും വേണ്ടേ .....

" അച്ഛാ .... പറഞ്ഞതു കേട്ടില്ലേ...?'
പത്രത്തിന് ഒരു തട്ടു കൊടുത്തു ഹർഷ .

'ഓ.... അത് ആറ്റക്കിളികളാ. രണ്ടു മൂന്നു ദിവസമായി ഈ പരിസരത്ത് ....
കൂടുണ്ടാക്കുകയാവും ... ഇനി അതിന്റെ പിറകേ പാമ്പെങ്ങാനും കേറി വന്ന് നമ്മക്ക് ചൊറയാക്കുമോ ... എന്തോ..."

ലൗ ബേഡ്സ് .... മുയൽ .... ഗപ്പി .... ആട് ഇങ്ങനെ എന്തിനെയെങ്കിലും വാങ്ങിത്തരാൻ
പറഞ്ഞാലും ഇത്തരം ന്യായങ്ങൾ തന്നെ ....
പാമ്പ് .... കരച്ചിൽ .... വൃത്തികേട്...

ആറ്റക്കിളിയെങ്കിൽ
ആറ്റക്കിളി ......ഇതേതായാലും തനിക്ക് പ്രകൃതി തന്നെ കൊണ്ടു തന്ന പെറ്റ് ബേഡ് സായി ഹർഷ കണ്ടു.

പിന്നീടുള്ള ദിവസങ്ങളിൽ പക്ഷിനിരീക്ഷണമായിരുന്നു അവളുടെ മുഖ്യ ഇനം .
വാഴനാരുകളും ചകിരിയും കൊണ്ട് കിളിവരുന്നതും പോവുന്നതുമൊക്കെ അവൾ അച്ഛന്റെയും അമ്മയുടെയും മൊബൈലിൽ പകർത്തി.

കലിപ്പൊന്നൊതുങ്ങി കാര്യങ്ങൾ താളത്തിൽ നീങ്ങാൻ തുടങ്ങിയപ്പോഴാണ് അടുത്ത സംഭവം.

പുറത്ത് കിളികളുടെ ബഹളം കേട്ടാണ് ഹർഷ അന്നെഴുന്നേറ്റത് : നോക്കുമ്പോൾ രണ്ട്
വലിയ കിളികൾ കൂടി പരിസരത്തുണ്ട് .
അവർക്കും കൂട് പണിയണം. കണ്ടെത്തിയ സ്ഥലമാവട്ടെ, ആറ്റക്കിളിയുടെ അതേ പുൽക്കൂടാരം !

അപ്പോ കടന്നു കയറ്റവും അതിർത്തി തർക്കവുമാക്കെയാണ് വിഷയം.

" വലിയ കിളികൾ ...ഇരട്ടത്തലച്ചികളാ...
അവയും കൂട് കെട്ടട്ടെ ' അച്ഛൻ സമ്മതം പ്രകടിപ്പിച്ചു.

ഒറ്റത്തലയോ ഇരട്ടത്തലയോ ആയഷട്ടെ .
കടന്നുകയറ്റം, ആക്രമം ഇവ അനുവദിക്കില്ല

ഇതിനു മറുപടിയായി അച്ഛൻ നടത്തിയ ഒരു പ്രസ്താവനയാണ് കലിപ്പിന്റെ രണ്ടാമത്തെ ഹേതു.

"മോളെ ... ഇത് പ്രകൃതി നിയമമാണ് ... ശക്തിമാൻമാർ ദുർബലരെ തുരത്തിയോടിച്ചു കൊണ്ടേയിരിക്കും. "

"അതെന്ത് ന്യായം? നമ്മളെ വീട്ടിൽ മറ്റാരെങ്കിലും വന്നാ അച്ഛൻ വിടുമോ?"
"നമ്മക്ക് നാട്ടുനീതി .... അവർക്ക് കാട്ടുനീതി ....' ജഡ്ജി അകത്തേക്ക് .

ആറ്റക്കിളികൾ പൂർണമായും പുറന്തള്ളപ്പെട്ടു കഴിഞ്ഞു. നേർത്ത കരച്ചിലുകൾ പ്രതിഷേധമാണെന്നു പോലും ആർക്കും മനസ്സിലാവുന്നില്ല.

കലിപ്പുകാരി അകത്തേക്ക് നോക്കി.
ടി.വി.യിൽ വാർത്തയും ചർച്ചയും .

ഡൽഹിയിലോ മറ്റോ കുറേ ദുർബലരുടെ സമരം ... ട്രാക്ടർ , ജലപീരങ്കി... ബുൾസോസർ ..

ഒരു നരച്ച താടിക്കാരന്റെ പുറത്ത് അടിയുടെ പാടുകൾ ... ദൃശ്യങ്ങൾ തുരത്തൽ തന്നെ.

കാട്ടുനീതിയോ ? നാട്ടുനീതിയോ ?
' എന്നാപ്പിന്നെ എനക്ക് ഒരാടിനെ വാങ്ങിത്താ....."

"ആടിനെ പോറ്റലൊക്കെ വല്യ പണിയാ... പുല്ലും പ്ലാവിലയും ഒക്കെ വേണം ... നായ്കളെങ്ങാനും വന്നാ പിന്നെ ....'

"ഞാൻ നോക്കിക്കോളാ... രാവിലേം വൈന്നേരവും മേയ്ക്കാലോ ..."

"പക്ഷേ മഴക്കാലത്ത് പ്രശ്നമാ... തീറ്റ കിട്ടിയില്ലെങ്കി കരഞ്ഞ് ബഹളമുണ്ടാക്കും ... അതിനൊന്നും നിക്കണ്ട. "
ഭക്ഷണം കിട്ടാത്തവർ കരയാൻ പോലും പാടില്ല.
കലിപ്പ് നമ്പർ ത്രീ..... അവസാനിക്കില്ല.

ആറ്റക്കിളികൾ കരച്ചിൽ മതിയാക്കി പറന്നു പോയിരുന്നു.

**കാദംബരി രാഗേഷ്**
**10 H**



# മഴ പറഞ്ഞത്

തുരുമ്പ് പിടിച്ച് അടർന്ന വീഴാനായ പൂട്ട്.. കണ്ണേട്ടൻറെ കടയ്ക്ക് മുന്നിലെത്തിയപ്പോൾ രവിയുടെ വേഗത കുറഞ്ഞു... അയാളെ ആരോ പിടിച്ച നിർത്തിയത് പോലെ.. കണ്ണുകൾ പൂട്ടിയിട്ട ചായക്കടയ്ക്കു മപ്പുറത്തേക്ക്.

കണ്ണേട്ടൻ ഒരു താളത്തോടെ ചായക്കൂട്ടുകയാണ്. കണ്ണേട്ടൻറെ താളം മുഴുവൻ കടയുടെ ഒരു മൂലയ്ക്ക് ഒതുങ്ങിക്കഴിയുന്ന മെയ്ഡ് ഇൻ ജപ്പാൻ്റ റേഡിയോ ആണ്.അതില് വയലും വീടും...ആകാശവാണി കണ്ണൂർ വാർത്തകളും മുഴങ്ങി കേൾക്കാം. റെയിൽവെ സ്റ്റേഷനിലേക്ക് ലക്ഷ്യമാക്കിയോടുന്നവർക്ക് കണ്ണേട്ടൻ്റെ റേഡിയോ മുന്നറിയിപ്പുകൊടുക്കും. ഹക്കീം കുട്ടായിടെ വാർത്തയിപ്പം കഴിയും.... അതിന മുമ്പ് സ്റ്റേഷൻ പിടിച്ചില്ലേൽ പരശുരാം എന്തായാലും കൈവിട്ട് പോകും. .ആകാശവാണിയുടെ താളം പിടിച്ച് ജീവിതത്തിൻ്റെ പകൽ ദൂരങ്ങളിൽ നിന്ന് എണ്ണി തിട്ടപ്പെടുത്തുന്ന ചില്ലറത്തുട്ടുകൾ പോലും ഇടയ്ക്ക് എന്തൊക്കെയോ സംസാരിക്കും പോലെ. ജീവിത സായാഹ്നത്തിലേക്ക് മടങ്ങി പോകുന്ന കണ്ണേട്ടൻ എന്നെങ്കിലും വിശ്രമിച്ചിട്ടുണ്ടോ?

പത്രങ്ങൾ അരിച്ചുപെറുക്കി ഗോവിന്ദനും രാഘവനും ചർച്ചകൾ വഴിമാറ്റുമ്പോൾ കണ്ണേട്ടൻ അവർക്കിടയിൽ കട്ടൻ ചായ നീട്ടിവെയ്ക്കും. വർഷങ്ങൾ എത്ര കഴിഞ്ഞിരിക്കുന്നു. കണ്ണേട്ടൻ്റെ ജീവിതം ഈ കടവരാന്തയ്ക്കുള്ളിലാണ്. അധ്വാനിച്ച് ഉണ്ടാക്കിയെടുത്ത ചില്ലറത്തുട്ടുകൾ.എത്ര ജീവിതങ്ങളെ കര പിടിച്ചു കയറ്റി.മക്കളെ വലിയൊരു നിലയിലേക്ക് എത്തിച്ചപ്പോ മൂത്ത മകൻ വിലക്കിയതാണ്. ചായക്കടയിലെ ജീവിതം അവസാനിപ്പിക്കാൻ ... ദ്രവിച്ച തീരാറായ പീടിക തിണ്ണയിൽ ഊഴം കാത്ത് നിൽക്കുന്ന മിഠായി ഭരണികൾ.എന്നും ശബ്ദിച്ചുകൊണ്ടേയിരിക്കുന്ന റേഡിയോ.ഒറ്റ ബെഞ്ചിലിരുന്ന് മുന്നേറുന്ന ചർച്ചകൾ.മഴ പെയ്ത്തുകളിലും സജീവമാകുന്ന കടവരാന്ത. സർവ്വവും ഉപേക്ഷിച്ച് മടങ്ങി പോകാൻ കണ്ണേട്ടന് വയ്യാ.

ദ്രവിച്ച തീരാറായ പീടിക തിണ്ണയിൽ ഊഴം കാത്ത് നിൽക്കുന്ന മിഠായി കുപ്പികൾ.അതിനെ മാത്രം ലക്ഷ്യമാക്കി താനും ഹരിയും ഓടിയെത്തും... അവിടെ 50 പൈസക്ക് അഞ്ചു മുട്ടായി വാങ്ങിയൊരു ഓട്ടമാണ്. തൂങ്ങിയാടുന്ന വാഴക്കുലയിൽ നിന്ന് ഒരു പഴം എടുത്ത് കണ്ണേട്ടാ ഒരു ചായ കൂടി വേണംന്ന് നീട്ടി പറയുമ്പോ.തൻ്റെ മുഖത്ത് നോക്കി അത്ഭുതത്തോടെ പറയും രവിയേ നീയാ വള്ളി ട്രൗസറിൽ നിന്നും വളർന്ന് വലിയൊരാളായി മാറീലോ..

ബാംഗ്ലൂർ വിട്ട് നാട്ടിലേക്ക് ഓടിയെത്തിയാൽ കണ്ണേട്ടൻ്റെ കട്ടൻ ചായകിട്ടിയില്ലെങ്കിൽ തനിക്ക് ഒരു ശ്വാസം മുട്ടലാണ്. വൈകുന്നേരങ്ങളിൽ ബാംഗ്ലൂർ ജീവിതത്തിൻ്റെ വിരസതകളെ ചൊല്ലി നെടുവീർപ്പിടുമ്പോൾ കണ്ണേട്ടൻ പറയും "രവിയേ നമ്മളെ നാട് അത് വിട്ടൊരു ജീവിതം അത് ഉൾക്കൊള്ളാൻ പറ്റൂല. ഈ നാട് തരുന്നൊരു സന്തോഷം എവിടെ കിട്ടാനാണ് അല്ലേ".?

മിഠായി ഭരണികൾ തന്നെ നോക്കി ഓർമ്മകളിലേക്ക് വഴി നടത്തും പോലെ തോന്നും. അടുത്ത ലീവിന് കാണാന്ന് പറഞ്ഞ് ഒരു മടക്കം ഉണ്ട്. കണ്ണേട്ടൻ്റെ കട്ടൻ ചായയുടെ മധുരം ഉള്ളിലൊളിപ്പിച്ചൊരു യാത്രയാണ്.

പൂട്ടിയിട്ട കടവരാന്തയ്ക്ക് മുന്നിൽ തൂക്കിയിട്ട കണ്ണേട്ടൻ്റെ ഫോട്ടോയ്ക്ക് മുന്നിൽ ആദരാഞ്ജലികൾ എന്ന് കണ്ടപ്പോൾ രവിയുടെ കണ്ണുകൾ നിറയുന്നുണ്ടായിരുന്നു.. ജീവിത സായാഹ്നം വരെ അധ്വാനിച്ച് ദൂരങ്ങൾ താണ്ടിയ കണ്ണേട്ടൻ്റെ ഓർമ്മകൾ അയാളെ പിടിച്ച നിർത്തി.

"മഴ പറഞ്ഞു കൊണ്ടേയിരുന്ന പകൽ ദൂരങ്ങൾ നടന്ന തീർത്ത് മഹാ മൗനത്തിലേക്ക് മടങ്ങിപ്പോയവനെ കുറിച്ച്".. അപ്പോഴും കടവരാന്തയ്ക്കുമപ്പുറം റേഡിയോ ശബ്ദങ്ങൾ മുഴങ്ങിക്കേൾക്കാമായിരുന്നു.

**നയന ടി**

**അധ്യാപിക**

# ആസ്വാദനക്കുറിപ്പ്

## 'നെയ്പ്പായസം' – മാധവിക്കുട്ടി

കുടുംബം എന്ന കൂറ്റൻ മരത്തിലെ അമ്മ എന്ന വേരും അച്ഛനെന്ന ശിഖരവുംമാണ് കുട്ടികളെ സ്വന്തം കുഞ്ഞുകിളികളെ പോലെ പരിപാലിക്കുന്നത്. കുടുംബത്തിലെ നെടുംതൂണായ  അമ്മയുടെ ആകസ്മികമായ വേർപാട് ആ സ്നേഹലോകത്തെ തളർത്തും എന്നതിൽ സംശയമില്ല. അത്തരത്തിൽ ഭാര്യയുടെ വേർപാടിൽ ഭർത്താവിലുണ്ടാകുന്ന താളപ്പിഴകളും കുഞ്ഞുങ്ങളിലെ  പ്രതീക്ഷകളും ആസ്വാദന മനസുകളെ ഒന്നടങ്കം പിടിച്ചുലക്കുന്ന കമലാസുരയ്യ എന്ന മാധവിക്കുട്ടിയുടെ ഹൃദയസ്പർശിയായ ചെറുകഥയാണ് “ നെയ്പ്പായസം". നെയ്പ്പായസം ഏറെ മധുരിക്കുന്നതാണെങ്കിലും ഈ കഥ ഏവരേയും ഈറനണിയിപ്പിക്കും. നെയ്പ്പായസം ഒരു പ്രതീകമാണ്,അമ്മയുടെ സ്നേഹത്തിന്റെയും വെണ്മയുടെയുമെല്ലാം.

ഒരു ആകസ്മിക മരണം സൃഷ്ടിക്കുന്ന വേദനയും ഹൃദയം തൊടുന്ന സന്ദർഭങ്ങളിലൂടെയുമാണ് കഥയുടെ സഞ്ചാരം.“കണ്ണ് ഇല്ലാതിരിക്കുമ്പോഴാണ് അതിൻറെ വില മനസ്സിലാകുന്നത്” എന്ന പോലെ നമ്മോട് ചേർന്ന് നിൽക്കുന്നവർ ഒരു മുന്നറിയിപ്പുപോലുമില്ലാതെ വിടപറയുമ്പോൾ അത് തീർക്കുന്ന ശൂന്യത നമുക്ക് ചിന്തിക്കാൻ കഴിയുന്നതിലുമപ്പുറമാണ്

ഉണ്ണീ..... ഇന്ന് തിങ്കളാഴ്ചയല്ലേ, മൂടിപുതച്ച് കിടക്കുവാണോ? എന്ന അമ്മയുടെ വാക്കുകൾ ഈശ്വരനാമം പോലെ അച്ഛൻ മന്ത്രിക്കുന്നുണ്ട്. അയാളുടെ മനസ്സിൽ തൻറെ ഭാര്യയുടെ അവസാന വാക്കുകളായി അതുമാത്രമാണു ള്ളത്. അവൾ മരിക്കുമ്പോൾ മക്കളായ ഉണ്ണിക്കും ബാലനും രാജനും പത്തിനടുത്ത് മാത്രമായിരുന്നു പ്രായം.മരണമെ






ന്നാലെന്തെന്നു പോലുമറിയാത്ത പിഞ്ചുകുട്ടികൾ.ഒരു കുടുംബത്തിൽ ഓരോ        അമ്മയ്ക്കുമുള്ള പ്രാധാന്യം കഥാകാരി വ്യക്തമാക്കുന്നു. “എൻറെ ഭാര്യ ഹൃദയാഘാതം മൂലം മരണപ്പെട്ടു.അതുകൊണ്ട് രണ്ട് ദിവസത്തെ ലീവ് അനുവദിച്ച് തരണം.”എന്ന അദ്ദേഹത്തിൻറെ അഭ്യർത്ഥന ഓരോ വായനക്കാരനേയും ഈറനണിയിക്കുന്നതാണ്. മക്കളെ ഉന്നതനിലയിലെത്തിക്കണം എന്നുള്ള മോഹവും കൂടി അയാളിലുണ്ടായിരുന്നു.

കഥയുടെ അവസാനം അമ്മ മരിക്കുന്നതിന് മുൻപ് ഉണ്ടാക്കിയ ചപ്പാത്തിയും ചോറും നെയ്പ്പായസവും.അമ്മ ഉണ്ടാക്കിയ സ്ഫടികപ്പാത്രത്തിലെ നെയ്പ്പായസം ഇനി ഒരിക്കലും ആ മക്കൾക്ക് അത് കഴിക്കാൻ കൊടുക്കുന്നു. അമ്മയുടെ വാത്സല്യം അവസാനമായി ആ നെയ്പ്പായസത്തിലൂടെ മക്കൾക്ക് ലഭിക്കുന്നതോടെ കഥ അവസാനിക്കുന്നു.

ഒരറ്റം തകർന്ന ഈ കുടുംബത്തെ കൂട്ടിമുട്ടിക്കാൻ ശ്രമിക്കുന്ന അച്ഛനും,അമ്മയുടെ വേർപാട് തിരിച്ചറിയാത്ത കുട്ടികളും വാത്സല്യം തുളുമ്പുന്ന നെയ്പ്പായസവും വായനക്കാരുടെ മനസ്സിൽ ഇന്നും എന്നും തങ്ങിനിൽക്കുന്നു. മാധവിക്കുട്ടി മലയാളസാഹിത്യത്തിന് സമ്മാനിച്ച മികച്ച കലാസൃഷ്ടിയാണിത്.

**അനികേത്.എൻ**

**8D**

# <u>സുകൃത ജന്മം</u>

പ്രകൃതിയുടെ പച്ചപ്പുതപ്പിനെ നീക്കീട്ട്

ദൃശ്യപ്രകൃതിയെ നിർമ്മിക്കുമിന്നവർ

സൗന്ദര്യ സങ്കല്പചിത്രങ്ങളൊക്കെയും

മാറ്റിമറിക്കും ഇന്നിന്റെ ജന്മങ്ങൾ

ഇന്നലെ കണ്ടൊരു കുന്നിൻ പകിട്ടിതാ



ഇന്നൊരു വണ്ടിയില് തള്ളിക്കയറുന്നു

അവിടെ ഞാൻ കണ്ടൊരു ഓലഞ്ഞാലി -

തന്റെ കൂടിന്ന് റോഡിന്റ ടാറിനൊപ്പം

കൊഞ്ചികുഴഞ്ഞൊഴുകും പുഴയിതാ

മണ്ണൊക്കെ വന്നിട്ട് ഓട്ടം നിലച്ചിട്ട്

മൗനമായ് കേഴുന്നു നമ്മളറിയാതെ

ചുറ്റിലും എന്തൊരു സൗന്ദര്യ നിർമ്മിതി

വട്ടുപിടിച്ചൊരു നാടിന്റെ നിർമ്മിതി

താൻ വെട്ടും കുഴിയിൽ താൻ വീഴുമെന്നറിയാതെ

ഓടുന്നവരേ നിൻ ജന്മം കഷ്ടം.....

ഉത്തര.എസ്.മനു
9H



# LIFE GOES ON

[illegible]

[illegible]

[illegible]

**WAFA MUBTHALIB**
**9 B**



# LITTLE KITES 2021-24



# LITTLE KITES 2022-25


LITTLE KITES 2022-25
നന്ദി